**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് 2000-01 - വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 24 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.2515/12 തസ്വഭവ. തിരുവനന്തപുരം, തീയതി: 04/09/2012**

---

**പരാമർശം:-**

1) **03/01/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ M4-36971/11 നമ്പർ കത്ത്.**
2) **03/08/2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-2090/P.T1/12 നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

**അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 24 പ്രകാരം 01/10/2000 മുതൽ 31/03/2001 വരെ ബഡ്ജറ്റ് അംഗീകരിക്കാതെ ചെലവ് ചെയ്തത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നിരാകരിച്ചിരുന്നു.**

**01/10/2010 മുതൽ പ്രവർത്തനമാരംഭിച്ച പുതുതായി രൂപീകൃതമായ പഞ്ചായത്തായതിനാൽ ബഡ്ജറ്റ് പാസ്സാക്കണമെന്ന അറിവില്ലായ്മയാലും പുതിയ പഞ്ചായത്തിലേയ്ക്ക് രജിസ്റ്ററുകളും രേഖകളും കൈമാറുന്നതിന് കാലതാമസം നേരിട്ടതിനാലുമാണ് ബഡ്ജറ്റ് പാസാക്കാതെ ചെലവ് ചെയ്തതെന്നും ആയതിനാൽ മന:പൂർവ്വമല്ലാതെ നടപടി ക്രമം തെറ്റിച്ച് ചെയ്ത ചെലവിന് സാധൂകരണം നൽകണമെന്ന അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 25/06/2011-ലെ IV 2-ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.**

**ഇത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ**

പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ 01/10/2010-ൽ, സാമ്പത്തിക വർഷം തുടങ്ങി ആറു മാസത്തിന് ശേഷമാണ് പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്നതെന്ന വസ്തുത പരിഗണിച്ചും പുതുതായി രൂപീകൃതമായ പഞ്ചായത്തിന്റെ ആവശ്യം വേണ്ട ചെലവുകൾ എന്ന നിലയിലും പ്രസ്തുത ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2000-01-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 24 പ്രകാരം നിരാകരിച്ച 01/10/2000 മുതൽ 31/03/2001 വരെ ബഡ്ജറ്റ് പാസ്സാക്കാതെ ചെയ്ത ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അമ്പലപ്പുഴ വടക്ക്
ഗ്രാമപഞ്ചായത്ത്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ